(ഡി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ മാതൃക അങ്കണവാടി സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ?

ഉണ്ട്. നിർമ്മാണാനുമതി നല്കിയ വാഴപ്പള്ളി പഞ്ചായത്തിലെ സെന്റർ നമ്പർ 51 ന്റെ കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു.

ആശുപത്രി വികസന സമിതികൾ സംബന്ധിച്ച പരാതി

267 (4992) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതി വഴി പഴകിയ ഉപകരണങ്ങളും കേടായ ഉപകരണങ്ങളും വാങ്ങി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇത്തരത്തിലുള്ള പരാതി ലഭിച്ചിട്ടുണ്ടോ; പത്രങ്ങളിൽ വന്ന ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ഡി.എം.ഇ.യിലെ ബന്ധപ്പെട്ട വിഭാഗം പരിശോധിച്ചിട്ടുണ്ടോ?

ഇല്ല. അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി കളിലും വികസന സമിതികൾ വഴി 2016 മുതൽ നാളിതുവരെ നടന്ന നിയമനങ്ങൾ എത്ര; നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടില്ലെന്ന പരാതി പരിശോധിക്കുമോ?

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ആശുപത്രി വികസന സൊസൈറ്റികൾ വഴി 2016 മുതൽ നാളിതുവരെ 3188 നിയമനങ്ങൾ നടന്നിട്ടുണ്ട്. ആശുപത്രി വികസന സമിതികൾ നടത്തുന്ന നിയമനങ്ങൾ കരാർ/ താൽക്കാലിക അടിസ്ഥാനത്തിൽ ആയതിനാൽ സംവരണ ക്രമപ്രകാരമല്ല നിയമനം നടക്കുന്നത്.

(സി) ആശുപത്രി വികസന സമിതികൾ മുഖേന 2016 മുതൽ വാങ്ങിയ ഉപകരണങ്ങളുടെയും ശസ്ത്രക്രിയ ഉപകരണങ്ങളുടെയും വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഇതിനുവേണ്ടി ചെലവായ തുക എത്ര; മെഡിക്കൽ കോളേജ് തിരിച്ച് ലഭ്യമാക്കുമോ?

ആശുപത്രി വികസന സൊസൈറ്റികൾ മുഖേന 2016 മുതൽ വാങ്ങിയ ഉപകരണങ്ങളുടെയും ശസ്ത്രക്രിയ ഉപകരണങ്ങളുടെയും വിവരങ്ങളും, ഇതിനുവേണ്ടി ചെലവായ തുകയും മെഡിക്കൽ കോളേജ് തിരിച്ച് ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധത്തിൽ കണ്ടാലും. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ മരുന്ന് വാങ്ങിയതും നിയമനങ്ങളും സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഡി.എം.ഇ.യ്ക്കോ സർക്കാരിനോ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കോവിഡ് കാലത്ത് ഹോസ്റ്റൽ ഫീസ് ഈടാക്കുന്നവർക്കെതിരെ നടപടി

268 (4993) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്കാലത്ത് വീട്ടിലിരുന്ന് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽനിന്നും സ്വകാര്യ നഴ്സിംഗ് കോളജ് അധികൃതർ ഹോസ്റ്റൽ ഫീസ് ഈടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ ക്ലാസ് നടക്കുമ്പോഴും ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികളിൽ നിന്നും നാൽപ്പത്തയ്യായിരം രൂപ വരെ ഫീസ് വാങ്ങുന്നതും ഫീസ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്ക് ഫൈൻ ഏർപ്പെടുത്തുന്ന സാഹചര്യവും കണക്കിലെടുത്ത് മാനേജ്മെന്റുകളുടെ ഇത്തരം കൊള്ള തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

&

(സി) കോവിഡ്കാലത്ത് ഓൺലൈൻ ക്ലാസിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ഹോസ്റ്റൽ ഫീസ് ഈടാക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സ്വകാര്യ കോളേജ് അധികൃതർ മെഡിക്കൽ കോഴ്സുകൾക്ക് അധിക ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതികൾ പരിശോധിച്ചുവരുന്നു.

സി.എ.പി. അസോസിയേറ്റ് പ്രൊഫസർ പദവി

269 (4994) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2015 മുതൽ സി.എ.പി. അസോസിയേറ്റ് പ്രൊഫസർ പദവി അനുവദിച്ച് കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് ഡോക്ടർമാർ നൽകിയ അപേക്ഷകളിൽ തീരുമാനമെടുക്കാതെ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ തിരുവനന്തപുരം കാര്യാലയത്തിൽ ഫയലുകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

&

LIBRARY ARCHIVES Kerala Legislative Assembly